മാർക്കറ്റിൽ ഉൽപ്പന്നത്തിന്റെ വിലയിടിയുവാൻ കാരണമായിട്ടുണ്ട്. ഈ വിലയിടിവ് കാരണം ഉൽപ്പാദന ചിലവിന് ആനുപാതികമായി വില ലഭിക്കാതെ പ്രവർത്തന നഷ്ടം ഉണ്ടാക്കുന്നത് കമ്പനിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അനാരോഗ്യകരമായ ഇറക്കുമതി റൂട്ടയിൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെയും വില കുറയുവാൻ കാരണമായിട്ടുണ്ട്. ഈ വിലക്കുറവ് റൂട്ടയിൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉപഭോഗം കൂട്ടുന്നതിനും അതുവഴി ആഭ്യന്തര വിപണിയിൽ അനട്ടേസ് ഗ്രേഡിന്റെ ആവശ്യകത കുറയുന്നതിനും കാരണമായിട്ടുണ്ട്. കമ്പനിയുടെ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ഈ സാമ്പത്തിക വർഷം (2015-16) 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഉൽപ്പാദിപ്പിക്കുന്ന അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് വിപണിയിൽ ഉന്നത നിലവാരം പുലർത്തുന്ന ഉൽപ്പന്നമാണ്. നിലവിലെ പ്രതിസന്ധിയിലും ഉൽപ്പന്നത്തിന്റെ മികച്ച ഗുണനിലവാരമാണ് കമ്പനിയുടെ മുഖമുദ്ര.

കാർഷിക മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ സഹായം

6 (*636) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ കാർഷിക മേഖലയുടെ പുനരുജ്ജീവന നടപടികൾക്ക് നൽകുന്ന സഹായം സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) കാർഷിക മേഖലയ്ക്ക് നൽകുന്ന വായ്പയുടെ തോത് മൊത്തം അനുവദിച്ച വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) വായ്പാ കുടിശ്ശികയുടെ കാര്യത്തിൽ കാർഷിക മേഖലയുടെയും ഇതര മേഖലകളുടെയും പങ്ക് എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് അവരുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുകയും പ്രസ്തുത വായ്പ പലിശരഹിത വായ്പയായി മാറുകയും ചെയ്യുന്ന ഉത്തേജന പലിശ ഇളവ് വായ്പാ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നെൽകർഷകർ നെൽകൃഷിക്കായി എടുക്കുന്ന കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ പ്രസ്തുത വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ നൽകുന്നു. ഇതുകൂടാതെ കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി കർഷകർക്ക് കോഴി/താറാവ്/മത്സ്യം വളർത്തുന്നതിനും ആട്, മാട് വളർത്തുന്നതിനും പ്രത്യേക വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായും കർഷകരെ സഹായിക്കുന്നതിനുമായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ NCDC ധനസഹായത്തോടെ സംഘങ്ങൾ മുഖേനയുള്ള ഗോഡൗൺ നിർമ്മാണവും കൊപ്ര, നാളികേര ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനായി യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളതും വിത്ത്, വളം, കീടനാശിനി മുതലായവ വിൽപ്പന നടത്തുന്നതിനുള്ള ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും കൊപ്ര, നാളികേരം, നെല്ല് സംഭരണ പദ്ധതികളും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള മറ്റ് കാർഷിക അനുബന്ധ പദ്ധതികളും കാർഷിക മേഖലയുടെ വിപുലീകരണത്തിന് വഴിയൊരുക്കിയിട്ടുണ്ട്. പച്ചക്കറി സ്വയംപര്യാപ്തത ലക്ഷ്യമാക്കി സഹകരണവകുപ്പ് നടപ്പിലാക്കിവരുന്ന സുവർണ്ണ കേരളം പദ്ധതിയുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങളും അതിന്റെ നേതൃത്വത്തിൽ അംഗങ്ങളും സ്വയംസഹായ ഗ്രൂപ്പുകളും കുടുംബശ്രീ യൂണിറ്റുകളും ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി, കാർഷിക/കാർഷികാനുബന്ധമായ ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനം ലക്ഷ്യമാക്കിയും ജൈവ വളങ്ങൾക്ക് പ്രാമുഖ്യം നൽകിയും ഇപ്പോൾ താലൂക്ക് തലത്തിൽ സുവർണ്ണം എന്ന പേരിൽ ഒരു സംഭരണ വിപണന ശൃംഖല രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ സഹകരണ മേഖലയിലെ ദുർബല കാർഷിക സംസ്കരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വിപണന സംസ്കരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും NCDC പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന നിർദ്ദേശം നലിവിലുണ്ടെങ്കിലും കൃഷി ഭൂമി കുറഞ്ഞുവരുന്ന കാരണവും നബാർഡിൽ നിന്നും പലപ്പോഴും യഥാസമയം റീഫൈനാൻസ് ലഭിക്കാത്ത കാരണവും പല സംഘങ്ങളും കാർഷിക വായ്പ നൽകുന്ന അളവ് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ കാർഷിക വായ്പ നൽകിവരുന്നത്. സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പരമാവധി 10 ലക്ഷം രൂപയാണ് കാർഷിക വായ്പയായി നൽകിവരുന്നത്. ആയതിനാൽ കൃഷി ഭൂമി കുറവുള്ളവർക്ക് അതനുസരിച്ച് മാത്രമേ വായ്പ ലഭിക്കുകയുള്ളൂ. സഹകരണ മേഖലയിലെ കർഷകസേവന കേന്ദ്രങ്ങളുടെ പ്രവർത്തനംവഴി കാർഷികവൃത്തി പ്രോൽസാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ആയത് കാരണം അതാത് പ്രദേശങ്ങളിൽ കൂടുതൽ കൃഷി വ്യാപിപ്പിക്കുകയും ജനങ്ങൾ കൃഷിയുമായി കൂടുതൽ ബന്ധപ്പെടുകയും ചെയ്തുവരുന്നു.

(സി) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിതരണം ചെയ്ത കാർഷിക/കാർഷികേതര വായ്പകളിൽ 31-3-2015-ലെ കണക്കു പ്രകാരം കാർഷിക വായ്പകൾ 20.11% വും കാർഷികേതര വായ്പകൾ 17%വും കുടിശ്ശികയാണ്.

ജല വൈദ്യുത പദ്ധതികളുടെ സമീപം സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി

7 (*637) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല വൈദ്യുത പദ്ധതികളുടെ കനാലുകൾക്ക് മുകളിലും വശങ്ങളിലുമായി സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly